# മഹാത്മാഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298


2021 ഒക്ടോബർ 11

# വാർത്താക്കുറിപ്പ്

## ബിരുദ, ഇൻ്റഗ്രേറ്റഡ് പ്രോഗ്രാമുകളിലെ പ്രവേശനം: സപ്ലിമെന്ററി അലോട്മെന്റ് രജിസ്ട്രേഷൻ 18 വരെ

മഹാത്മാഗാന്ധി സർവകലാശാലയ്ക്ക് കീഴിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ആർട്ട്സ് ആൻറ് സയൻസ് കോളേജുകളിൽ നടത്തുന്ന ബിരുദ, ഇൻ്റഗ്രേറ്റഡ് പ്രോഗ്രാമുകളിൽ സപ്ലിമെന്ററി അലോട്മെന്റ് മുഖേന പ്രവേശനം നേടാൻ ആഗ്രഹിക്കുന്നവർക്ക് ഒക്ടോബർ 18 ന് വൈകിട്ട് നാല് മണി വരെ അവസരം.

ഇതു വരെ ഓൺലൈൻ രജിസ്ട്രേഷൻ നടത്താത്തവർക്കും പ്രവേശനം ലഭിച്ചതിനു ശേഷം വിവിധ കാരണങ്ങളാൽ പ്രവേശനം റദ്ദായി പോയവർക്കും അലോട്ട്മെൻ്റ് ലഭിച്ച് നിശ്ചിത സമയത്തിനകം ഫീസടച്ച് പ്രവേശനം എടുക്കാൻ കഴിയാഞ്ഞവർക്കും ഇപ്രകാരം സപ്ലിമെൻ്ററി രജിസ്ട്രേഷന് പുതിയ അപേക്ഷ നൽകാം.

ഒൺലൈനായി നൽകിയ അപേക്ഷയിലെ പിശക് മൂലം അലോട്ട്മെൻ്റ് ലഭിക്കാത്തവർക്കും വിവിധ കാരണങ്ങളാൽ ലഭിച്ച അലോട്ട്മെൻ്റ് റദ്ദായി പോയവർക്കും പുതുതായി ഫീസ് ഒടുക്കാതെ തന്നെ പഴയ അപേക്ഷാ നമ്പറും പാസ് വേഡും ഉപയോഗിച്ച് www.cap.mgu.ac.in എന്ന വെബ്സൈറ്റിൽ ലോഗ് - ഇൻ ചെയ്ത് സപ്ലിമെൻററി അലോട്ട്മെൻ്റിനായി പുതിയ ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാം. സപ്ലിമെൻ്ററി അലോട്ട്മെൻ്റിൽ പങ്കെടുക്കുന്ന എല്ലാവരും പുതുതായി ഓപ്ഷൻ രജിസ്റ്റർ ചെയ്യണം. മാനേജ്മെൻറ്, കമ്മ്യൂണിറ്റി ക്വാട്ടാ സീറ്റുകൾക്കായി ഇതിനകം അപേക്ഷിച്ചിട്ടുള്ളവർക്ക് www.cap.mgu.in എന്ന വെബ് സൈറ്റിൽ പ്രവേശിച്ച് അവർക്കായുള്ള പ്രത്യേക ലിങ്ക് മുഖേന അപേക്ഷകളിൽ ആവശ്യമായ തിരുത്തലുകൾ വരുത്താനും പുതിയ ഓപ്ഷനുകൾ നൽകുന്നതിനും സാധിക്കും. ബിരുദ - ഇൻ്റഗ്രേറ്റഡ് പ്രൊഗ്രാമുകൾക്കായി വിവിധ കോളജുകളിൽ നിലവിലുള്ള ഒഴിവുകളുടെ വിശദാംശങ്ങൾ www.mgu.ac.in എന്ന വെബ് സൈറ്റിൽ ലഭിക്കും.

ഇതിനകം പ്രവേശനം കരസ്ഥമാക്കിയവർ സപ്ലിമെൻ്ററി അലോട്ട്മെൻറിന് രജിസ്റ്റർ ചെയ്ത് അലോട്ട്മെൻ്റ് ലഭിച്ചാൽ അവരുടെ ആദ്യ പ്രവേശനം റദ്ദാകുമെന്നതിനാൽ അവർ സപ്ലിമെൻററി അലോട്ട്മെൻ്റ് പ്രകാരം പുതുതായി പ്രവേശനം ഉറപ്പാക്കണം.

സ്കൗട്ട് ആൻ്റ് ഗൈഡ്സ് / സ്റ്റുഡൻ്റ് പോലീസ് കേഡറ്റ് എന്നീ വിഭാഗക്കാർക്ക് പ്രവേശനത്തിന് ബോണസ് മാർക്ക് അനുവദിച്ചിട്ടുണ്ട്. എന്നാൽ ഇതിനു മുമ്പുള്ള അലോട്ട്മെൻ്റുകൾക്ക് ഈ ബോണസ് മാർക്ക് ബാധകമായിരിക്കില്ല. ഭിന്നശേഷിക്കാർക്കായുള്ള സംവരണ സീറ്റുകളിലേക്കുള്ള അപേക്ഷകളും ഒക്ടോബർ 18, വൈകിട്ട് നാലു മണി വരെ സ്വീകരിക്കും

(പി.ആർ.ഒ/39/1076/2021).

## പരീക്ഷാ തീയതി

ഒന്നും രണ്ടും സെമസ്റ്റർ ബി.ടെക് പുതിയ സ്കീം - (2010 അഡ്മിഷൻ മുതൽ സപ്ലിമെന്ററി/മേഴ്സി ചാൻസ്) പരീക്ഷകൾ ഒക്ടോബർ 22 മുതൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ് സൈറ്റിൽ.

(പി.ആർ.ഒ/39/1077/2021)

## പരീക്ഷഫലം

2020 മാർച്ചിൽ നടന്ന ഒന്നാം സെമസ്റ്റർ എം.എ. ഇംഗ്ലീഷ് പി.ജി.സി.എസ്.എസ്. സപ്ലിമെന്ററി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ 26 വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/1078/2021)

2020 നവംബറിൽ നടന്ന രണ്ടാം സെമസ്റ്റർ എം.കോം. (സി.എസ്.എസ്. - റഗുലർ/ സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ 26 വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/1079/2021)

2020 നവംബറിൽ നടന്ന രണ്ടാം സെമസ്റ്റർ എം.എസ് സി. അനലിറ്റിക്കൽ കെമിസ്ട്രി (സി.എസ്.എസ്. റഗുലർ, സപ്ലിമെന്ററി), രണ്ടാം സെമസ്റ്റർ എം.എസ് സി. കെമിസ്ട്രി (സി.എസ്.എസ്. റഗുലർ,)രണ്ടാം സെമസ്റ്റർ എം.എസ് സി. പോളിമർ കെമിസ്ട്രി (സി.എസ്.എസ്. റഗുലർ, സപ്ലിമെന്ററി) ,രണ്ടാം സെമസ്റ്റർ എം.എസ് സി. അപ്ലൈഡ് കെമിസ്ട്രി (സി.എസ്.എസ്. റഗുലർ, സപ്ലിമെന്ററി), രണ്ടാം സെമസ്റ്റർ എം.എസ് സി. ഫാർമസ്യൂട്ടിക്കൽ കെമിസ്ട്രി (സി.എസ്.എസ്. റഗുലർ, സപ്ലിമെന്ററി) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ 23 വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/1080/2021)

## സർട്ടിഫിക്കറ്റ് കോഴ്സ്

മഹാത്മാഗാന്ധി സർവകലാശാല ഇന്റർയൂണിവേഴ്സിറ്റി സെന്റർ ഫോർ ഡിസെബിലിറ്റി സ്റ്റഡീസിൽ ബേസിക് കൗൺസലിംഗ് ആന്റ് സൈക്കോ തെറാപ്പി എന്ന വിഷയത്തിൽ 10 ദിവസത്തെ സർട്ടിഫിക്കറ്റ് കോഴ്സ് നടത്തുന്നു. 2000 രൂപയാണ് കോഴ്സ് ഫീസ്. താല്പര്യമുള്ളവർ iucdsmgu@gmail.com എന്ന ഇമെയിൽ വിലാസത്തിൽ രജിസ്റ്റർ ചെയ്യണം. വിശദവിവരത്തിന് ഫോൺ: 99495213248, 9074034419, 9746085144.

(പി.ആർ.ഒ/39/1081/2021)

**പി.സി. സുരേഷ് കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ